GR Acoustics Pvt. Ltd

# സൗണ്ട് എഞ്ചിനീയറിംഗ് രംഗത്ത്
# **പതിറ്റാണ്ടുകളുടെ സാന്നിധ്യം,**
# ലൈവ് ഓഡിയോ എൻജിനിയറിങ്ങിൽ
# **മികവുറ്റ അനുഭവജ്ഞാനം.**







R & D | മാനുഫാക്ച്ചറിങ് | ഇൻസ്റ്റാളേഷൻ | ലൈവ് പ്രോഗ്രാം | കൺസൾട്ടേഷൻ

GR Acoustics Pvt. Ltd

ESTD IN MAY 1996



## ശ്രീ ഗോപിനാഥ് ടി ജെ (സ്ഥാപകൻ)

പൂനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ നിന്നും സൗണ്ട് റെക്കോർഡിങ്ങിലും സൗണ്ട് എഞ്ചിനീയറിങ്ങിലും ഡിപ്ലോമ ബിരുദധാരി.

ഓഡിയോഗ്രാഫി FTII 1995 ബാച്ചിൽ ഒന്നാമതെത്തിയ പ്രകടനത്തിന് ദാദാസാഹിബ് ഫാൽക്കെ അവാർഡ് ജേതാവ്.

ഇന്ത്യൻ സംഗീത രംഗത്തെ അനേകം സംഗീതജ്ഞരും നിർമാതാക്കളുമായി ഒരുമിച്ചു ജോലി ചെയ്ത 25 വർഷത്തോളം പരിചയസമ്പത്തുള്ള സൗണ്ട് എൻജിനിയർ.

ഇന്ത്യൻ നേവി മുതൽ വണ്ടർലാ വരെ നീളുന്ന ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം ഉൽപന്നങ്ങൾ രൂപകൽപന നടത്തുന്നതിൽ വളരെ അധികം പ്രശസ്തി ആർജിച്ച വിദഗ്ധൻ ആണ് ഗോപിനാഥ്. മുഴക്കമുള്ള വലിയ ഹാളുകൾ ആകട്ടെ, വളരെ സങ്കീർണമായ ശബ്ദസംവിധാനമാകട്ടെ വളരെ സൂക്ഷ്മതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് കഴിയുന്നു.

സാങ്കേതിക വിദ്യയിലും, സംഗീതത്തിലും ഒരുപോലെ വാസനയുള്ള ഒരു വ്യക്തിയാണ് ജി ആർ അകൗസ്റ്റിക്സിന്റെ സ്ഥാപകനായ ശ്രീ ഗോപിനാഥ്.

## വീക്ഷണം

അറിവും ഗവേഷണവും സാങ്കേതികതയും കോർത്തിണക്കി ശ്രോതാക്കൾക്ക് പുതുമയുള്ളതും മനംകവരുന്നതുമായ അനുഭവങ്ങൾ സമ്മാനിക്കുക.

## മൂല്യങ്ങൾ

Innovate, Innovate and Innovate

**ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും ശബ്ദസാങ്കേതിക രംഗത്തെ ഏറ്റവും മികച്ച അനുഭവങ്ങൾ വിപണിക്ക് പ്രധാനം ചെയ്യുക എന്ന ഉദ്ദേശത്തോടെ ഉള്ളതായിരിക്കും**

R & D

മാനുഫാക്ച്ചറിങ്

ഇൻസ്റ്റാളേഷൻ

ലൈവ് പ്രോഗ്രാം

കൺസൾട്ടേഷൻ

# R & D (Research & Development)

## ഉപഭോക്താവിന് ഉത്തമം പരിഹാരങ്ങളാണ്, ഉത്പന്നങ്ങൾ അല്ല

ആവർത്തന സ്വഭാവമുള്ള പരിമിതമായ സാദ്ധ്യതകൾ മാത്രമുള്ള ഉൽപ്പന്നങ്ങളെ ഒരു വലിയ ഉപഭോക്ത്യ സമൂഹത്തിനു ഒരുപോലെ വിൽക്കുക എന്നതിലുപരി ഓരോ ഉപഭോക്താവിനും അവർ ആവശ്യപ്പെടുന്ന രീതിയിൽ അവർക്കു ചേർന്ന ഉപാധികൾ നൽകുക എന്നതിലാണ് GR Acoustics വിശ്വസിക്കുന്നത്. ഇത്തരമൊരു ലക്ഷ്യത്തെ മുൻനിർത്തിയാണ് ഞങ്ങളുടെ ഗവേഷണ ഘടനയും വികസന പരിപാടികളും വിഭാവനം ചെയ്തിരിക്കുന്നത്. ഇന്ന് ഞങ്ങളുടെ ഉപഭോക്താക്കൾ ആസ്വദിക്കുന്ന, വിപണിയിലെ ഏറ്റവും നല്ല പ്രകടനം കാഴ്ച വെയ്ക്കുന്ന, PA സിസ്റ്റമുകളും, SRE സംവിധാനവും ഈ ആശയത്തിന്റെ ഫലമായി രൂപകൽപന ചെയ്യപ്പെട്ടവയാണ്.

## GR Acoustics ഈ അടുത്തകാലത്ത് പൂർത്തിയാക്കിയ ചില ഉദ്യമങ്ങൾ :

### INS ഗരുഡ SRE സിസ്റ്റം

INS ഗരുഡയ്ക്കായി വിഭാവനം ചെയ്ത ഈ ആശയവിനിമയ സംവിധാനം കൊച്ചിയിലെ ഇന്ത്യൻ നേവൽ എയർ സ്റ്റേഷനിൽ ഇന്ത്യൻ നാവികസേനയുടെ ആവശ്യ പ്രകാരം പ്രത്യേകം രൂപകൽപന ചെയ്തതാണ്. 18 വിവിധ യൂണിറ്റുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രത്യേക 1 to 1 ആശയ ഗതാഗത സംവിധാനവും ATPയിൽ നിന്നുള്ള ഗ്ലോബൽ ബ്രോഡ്കാസ്റ്റ് സംവിധാനവും ഇതിനായി ക്രമീകരിച്ചു.



### INS വിക്രമാദിത്യ ആംബിയൻറ്റ് നോയിസ് റെക്കോർഡിങ് സിസ്റ്റം

ഇന്ത്യൻ നാവികസേനയുടെ വിമാനവാഹിനി കപ്പലിനായി പ്രത്യേകം രൂപകൽപന ചെയ്ത പ്രോജക്റ്റ്. 2013ൽ സേവനം ആരംഭിച്ച ഈ പ്രോജക്റ്റ് പൂർണമായും ഇന്ത്യൻ നാവികസേനയുടെ പ്രത്യേക നിർദേശങ്ങൾ അനുസരിച്ചു രൂപപ്പെടുത്തിയെടുത്തവയാണ്.



### INS ദ്രോണാചാര്യ പ്ലേബാക്/SRE സിസ്റ്റം

സമാനതകളില്ലാതെ സൂക്ഷ്മമായി വിഭാവനം ചെയ്ത ഓപ്പൺ- എയർ പ്ലേബാക് സംവിധാനങ്ങളും SRE സംവിധാനവും ഫോർട്ട് കൊച്ചിയിലെ ഗണ്ണറി സ്കൂൾ ഓഫ് ഇന്ത്യൻ നേവി ആയ INS ദ്രോണാചാര്യയ്ക്കായി നിർമ്മിച്ചിരിക്കുന്നു.



TO WHOMSOEVER IT MAY CONCERN

It is certified that M/S GR Acoustics Pvt Ltd, 32/2506, PJ Antony Road, Palarivattom, Kochi-682025, have executed Installation of Outdoor SRE System at INS Dronacharya, Fort Kochi, Kochi. The work was completed satisfactorily and the workmanship, quality of products and prompt rendering of service assistance by the firm is highly appreciated.

(P Rajesh Kumar)
Commander
Dy. Electrical Officer

Place: Kochi
Date : 08 Aug 18

### വണ്ടർലാ ബാലരമ കേവ്

വിനോദ മേഖലയിലും ഓഡിയോ ആസ്വാദനരംഗത്തും മുൻപൊരിക്കലും അവതരിപ്പിച്ചിട്ടില്ലാത്ത അനുഭവങ്ങളുമായി ഏഴ് വ്യത്യസ്തമായ ഇടങ്ങളിൽ മൾട്ടിട്രാക് പ്ലേബാക്ക് സംവിധാനത്തോടു കൂടിയ സറൗണ്ട് സൗണ്ട് സിസ്റ്റവും സവിശേഷമായി രൂപകൽപന ചെയ്ത ഡീകോഡിങ് സിസ്റ്റവും വണ്ടർലായിലെ ബാലരമ കേവിനായി ഒരുക്കിയിരിക്കുന്നത് ജി ആർ അകൗസ്റ്റിക്സ് ഈ അടുത്തകാലത്ത് നടത്തിയ വലിയ നേട്ടങ്ങളുടെ തെളിവാണ്.



### കസ്റ്റമൈസ്ഡ് ചർച്ച് ഓഡിയോ

വലിയ ഹാളുകളിൽ ഉണ്ടാകുന്ന മുഴക്കം മൂലം ശബ്ദത്തിൽ ഉണ്ടാകുന്ന നിലവാരത്തകർച്ചയ്ക്ക് ഇപ്പോൾ ഞങ്ങളുടെ സമീപനം വഴി പൂർണ്ണമായ പ്രത്യുപായം ഉറപ്പാക്കാൻ സാധിക്കുന്നു.



# മാനുഫാക്ച്ചറിങ്

## വിപണിയിൽ നിലവാരമുള്ള ഉൽപന്നങ്ങൾ ലഭ്യമല്ല എങ്കിൽ, നിലവാരമുള്ളവ ഞങ്ങൾ നിർമ്മിക്കും

ഉപഭോക്താക്കളിലേക്ക് നിലവാരത്തകർച്ച സംഭവിക്കാത്ത രീതിയിൽ ഞങ്ങളുടെ സേവനങ്ങളും ഉൽപന്നങ്ങളും എത്തിക്കാനായുള്ള പ്രയത്നം ഇന്ന് ഞങ്ങളെ വിപണിയിലുള്ള ഏറ്റവും മികച്ച ഉൽപാദകരുടെ ശ്രേണിയിൽ എത്തിച്ചിരിക്കുന്നു. ഇന്ത്യൻ വിപണിക്ക് ചേരുന്ന രീതിയിൽ ഗുണനിലവാരമുള്ള എന്നാൽ അതേ സമയം വളരെ ലാഭകരവുമായ PA സിസ്റ്റം ഇന്ത്യൻ ഉപഭോക്താക്കൾക്ക് സമ്മാനിക്കുക എന്നതാണ് എക്കാലവും ഞങ്ങളുടെ ലക്ഷ്യം.

## ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ചു വിപണിയിൽ നല്ല പ്രകടനം കാഴ്ചവെക്കാൻ ഞങ്ങളെ സഹായിച്ച ഞങ്ങളുടെ ചില ഉത്പന്നങ്ങൾ

## Fat Pumpkin

### ഞങ്ങളുടെ മാത്രം ഡിസൈൻ പേറ്റൻസിയോട് കൂടിയ ഉയർന്ന നിലവാരമുള്ള PA സ്പീക്കർ സിസ്റ്റം

വിപണിയിൽ ഇപ്പോൾ ഉള്ള സംവിധാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ Fat Pumpkin വ്യത്യസ്തമാകുന്നതിനു പല കാരണങ്ങളുണ്ട്. അവയിൽ മുന്നിൽ നിൽക്കുന്ന രണ്ടു കാരണങ്ങൾ വ്യക്തതയും തെളിമയും ഉള്ള ശബ്ദം സൃഷ്ടിക്കുവാൻ ഉള്ള കഴിവും, എളുപ്പത്തിൽ റിഗ് ചെയ്തെടുക്കാൻ പറ്റും എന്ന വസ്തുതയുമാണ്. ലൈവ് പ്രോഗ്രാമുകൾക്കായുള്ളതാകട്ടെ, സ്ഥിരമായ ഉപയോഗത്തിനാകട്ടെ Fat Pumpkin ഒരിക്കലും അതിന്റെ ഉപഭോക്താക്കളെ നിരാശപ്പെടുത്തിയിട്ടില്ല.



**ടോട്ടംപോൾ ഇൻറ്റർനാഷണൽ ടീൻ റോക്ക് ഫെസ്റ്റിവൽ**, ഫ്ലയിങ് കാർപെറ്റ് പ്രൊഡക്ഷൻസ് വർഷാവർഷം നടത്തുന്ന ഈ പരിപാടി 2017ൽ മുംബൈയിലെ പരിപാടിയിൽ Fat Pumpkin ഉപയോഗപ്പെടുത്തി.



**സ്നോ സ്റ്റോം : – 10°C സ്നോ തീം പാർക്ക്, കേരളം,** Fat Pumpkin ഉപയോഗിക്കാൻ തുടങ്ങിയിട്ട് ഇപ്പോൾ ഒരു വർഷത്തോളം കഴിയുന്നു. അതിശൈത്യത്തെ കൃത്രിമമായി സ്രഷ്ടിച്ചെടുക്കുന്ന ഈ തീം പാർക്കിൽ കൊടും തണുപ്പിനെ വളരെ വിജയകരമായി അതിജീവിച്ചുകൊണ്ട് ഇപ്പോഴും Fat Pumpkin സേവനം തുടരുകയാണ്

## പവർ ആംപ്ലിഫയേഴ്സ്

### ഉപഭോക്താക്കൾക്ക് അവർ മുടക്കുന്ന തുകയ്ക്ക് പൂർണമായ മൂല്യം ഉറപ്പുവരുത്തുന്നതാണ് ഞങ്ങളുടെ ക്ലാസ് D ആംപ്ലിഫയറുകൾ

ഒരു ലീനിയർ ആംപ്ലിഫയറിനോട് താരതമ്യം ചെയ്യുമ്പോൾ ഞങ്ങളുടെ ക്ലാസ് D ആംപ്ലിഫയറിനു വാഗ്ദാനം ചെയ്യാൻ കഴിയുന്നത് കൂടുതൽ കാര്യക്ഷമതയാണ്. കുറഞ്ഞ വൈദ്യുതി ചിലവിൽ താരതമ്യേന മികച്ച ഔട്ട്പുട്ടും, കുറഞ്ഞ ഹീറ്റിംഗ് മൂലമുണ്ടാകുന്ന വൈദ്യുതി നഷ്ടവും, അനലോഗ് ആംപ്ലിഫയറുകളേക്കാൾ കുറഞ്ഞ ഭാരവും എല്ലാം ഞങ്ങളുടെ ക്ലാസ് D ആംപ്ലിഫയറുകളുടെ പ്രത്യേകതകളാണ്. പോർട്ടബിൾ സൗണ്ട് റീഇൻഫോഴ്സ്മെന്റ് സിസ്റ്റവും ബാസ്സ് ആംപ്ലിഫയറുകളും തിരഞ്ഞെടുക്കുന്നതിൽ കുറഞ്ഞചിലവും ഗതാഗതയോഗ്യതയും ഉള്ള സംവിധാനങ്ങൾക്കാണ് മുൻഗണന വരുന്നത്. ഞങ്ങളുടെ ക്ലാസ് D പവർ ആംപ്ലിഫയറുകൾക്കു അവയുടെ കുറഞ്ഞ ഭാരം അങ്ങനെ കൂടുതൽ പ്രായോഗികത നൽകുന്നു.






ഓവർലോഡ് ഷോർട്ട് സർക്യൂട്ട് മുതലായ പ്രശ്നങ്ങൾക്കെതിരെ നല്ല രീതിയിൽ സംരക്ഷണം നൽകുന്ന ഞങ്ങളുടെ പവർ ആംപ്ലിഫയറുകൾ PA സിസ്റ്റത്തിന് വലിയ ഒരു മുതൽക്കൂട്ടാണ്.ഞങ്ങളുടെ എല്ലാ സംവിധാനങ്ങൾക്കും തികച്ചും ചേരുന്ന രീതിയിലാണ് അതിന്റെ ആംപ്ലിഫയറുകൾ നിർമിച്ചിരിക്കുന്നത്.

# ഇൻസ്റ്റാളേഷൻ

## ഒരു ഹാളിൽ ശബ്ദോപകരണങ്ങൾ ക്രമീകരിക്കുന്നതിന് ഒരു ശാസ്ത്രീയമായ അവലോകനം അത്യാവശ്യമാണ്

ഒരു ഉപഭോക്താവ് ഒരു ആവശ്യവുമായി ഞങ്ങളെ സമീപിക്കുമ്പോൾ, അതൊരു ഹാൾ ആകട്ടെ ഒരു ആരാധനാലയം ആകട്ടെ, ഞങ്ങൾ ആദ്യം അന്വേഷിക്കുക ആ സ്ഥലത്തിന്റെ ഉപയോഗത്തെ കുറിച്ചാണ്. ഞങ്ങളുടെ ശാസ്ത്രീയമായ അറിവും 25 വർഷത്തോളം വരുന്ന പ്രവർത്തിപരിചയവും ആണ് ഞങ്ങളെ ഫലപ്രദമായ ഒരു പരിഹാരം നിർദ്ദേശിക്കുന്നതിൽ സഹായിക്കുന്നത്. ഒരു ഹാളിന്റെയോ ആരാധനാലയത്തിന്റെയോ കരാർ ഞങ്ങൾ ഏറ്റെടുക്കുമ്പോൾ, ആ ഹാളിനു എന്താണ് വേണ്ടത് എന്നതാണ് ഞങ്ങളുടെ ആദ്യത്തെ ചിന്ത, അതുവഴി ആ ഹാളിനു വേണ്ട ഏറ്റവും നല്ല ഉപാധി ആണ് ഞങ്ങൾ നൽകുന്നത്. **ഇത്തരം ഒരു സമീപനം ആണ് ഞങ്ങളെ ഈ രംഗത്തുള്ള മറ്റു സേവനദാതാക്കളിൽ നിന്നും വ്യത്യസ്തരാകുന്നത്.**

## ക്രിസ്ത്യൻ ദേവാലയങ്ങൾ

ഒരുപാടു ക്രിസ്ത്യൻ ദേവാലയങ്ങളിൽ ഞങ്ങളുടെ ശബ്ദസംവിധാനങ്ങൾ ഇൻസ്റ്റാൾ ചെയ്യുകയും തെറ്റുകൂടാതെ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്. ദേവാലയങ്ങളുടെ ഘടന മൂലം ഉണ്ടാകുന്ന മുഴക്കം കാരണം വളരെ അധികം ബുദ്ധിമുട്ടനുഭവിക്കുന്ന പല അവസരങ്ങളിലും ഞങ്ങളുടെ ഇടപെടൽ വഴി പരിഹാരം കണ്ടെത്തിയിട്ടുണ്ട്.





## ദേവാലയങ്ങൾക്കു പുറമെ ഞങ്ങളുടെ മറ്റു ഉപഭോക്താക്കൾ:

- പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
- മുസ്ലിം ആരാധനാലയങ്ങൾ
- പ്രമുഖ ഹോട്ടൽ ബാങ്ക്വറ്റ് ഹാളുകൾ
- പെർഫോമിംഗ് ആർട്സ് ഓഡിറ്റോറിയങ്ങൾ
- ഉപഭോക്താക്കളുടെ ആവശ്യാനുസരണം തയ്യാറാക്കപ്പെട്ട ശബ്ദസംവിധാനങ്ങൾ



സേക്രഡ് ഹാർട്ട് കോളേജ്, തേവര



എയർപോർട്ട് ഹോട്ടൽ ഫ്ലോറ



ഐഎൻഎസ് ദ്രോണാചാര്യ ലെക്ച്ചർ കം ഓഡിറ്റോറിയം ഹാൾ




രാജഗിരി ഹയർ സെക്കണ്ടറി സ്കൂൾ

# ലൈവ് പ്രോഗ്രാം

## ഒരു സദസ്സിനു നൽകാവുന്ന ഏറ്റവും നല്ല അനുഭവം ശബ്ദസാങ്കേതികവിദ്യയുടെ സഹായത്താൽ ലഭ്യമാക്കുക

മദർജെയിൻ, തൈക്കൂടം ബ്രിഡ്ജ് എന്നീ പുതിയ തലമുറയിലെ സംഗീത ബാൻഡുകൾ മുതൽ അറിയപ്പെടുന്ന സംഗീത സംവിധായകനായ ദീപക് ദേവ് വരെയെത്തുന്ന പ്രമുഖർ ഗോപിനാഥിനെയും അദ്ദേഹത്തിന്റെ ടീമിനെയും പരിപൂർണമായി വിശ്വസിക്കുന്നു. **ഒരു എൻജിനിയർ എന്നതുപോലെ തന്നെ ഒരു സംഗീതജ്ഞൻ കൂടി ആയ ഗോപിനാഥിന് പ്രേക്ഷകരുടെ സ്പന്ദനം നന്നായി മനസ്സിലാക്കാൻ സാധിക്കുന്നു**. പ്രമുഖ ഹോട്ടലുകളും ഇവൻറ് മാനേജ്മെൻറ്റ് കമ്പനികളും ബാൻഡുകളും അടങ്ങുന്ന വലിയൊരു ഉപഭോക്തൃ സമൂഹം അവരുടെ ആവശ്യങ്ങൾക്കായി ഞങ്ങളെ വിശ്വസിക്കുന്നത് team GR-ന്റെ വിശ്വാസ്യതയുടെ തെളിവാണ്. നൂതന സാങ്കേതിക വിദ്യയുടെ ഉചിതമായ ഉപയോഗപ്പെടുത്തലും നല്ല പരിശീലനം ലഭിച്ച സ്റ്റാഫുകളും GR Acoustics-നെ ലൈറ്റ് & സൗണ്ട് സംവിധാനങ്ങളുടെ ഏതു വെല്ലുവിളികളും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള ഒരു team ആക്കി മാറ്റുന്നു.



ബലം പിച്ച്കാരി സീസൺ 2, ക്രൗൺ പ്ലാസ



കേരള ട്രാവൽ മാർട്ട് 2018




ഓവർഡ്രിവൺ



നേവി ബാൻഡ്, ഡി എച് ഗ്രൗണ്ട്

GR Acoustics Pvt. Ltd

കൂടുതൽ വിവരങ്ങൾക്ക് **വിളിക്കുക : +91 93878 41141**

അല്ലെങ്കിൽ താഴെയുള്ള ലിങ്കുകളിൽ ക്ലിക്ക് ചെയ്യുക


**ഇമെയിൽ** :

mktg.gracoustics@gmail.com

**വിലാസം** :

പിജെ ആന്റണി റോഡ്, പാലാരിവട്ടം,
എറണാകുളം - 682025